# മാന്ത്രിക കണ്ണാടിയും സ്നോവൈറ്റും

ഗ്രിം ബ്രദേഴ്സ്
പുനരാഖ്യാനം: വർഷിണി വിനോദിനി



സത്യം മാത്രം പറയുന്ന കണ്ണാടിയുടെ വാക്കുകളിൽ നിന്ന് സ്നോവൈറ്റ് ജീവിച്ചിരിപ്പുണ്ടെന്ന് രാജ്ഞി മനസ്സിലാക്കി. തന്നെക്കാൾ സുന്ദരിയായ ആ പെൺകുട്ടിയെ ഇല്ലാതാക്കണം എന്നു മാത്രമായി പിന്നെ ആ രണ്ടാനമ്മയുടെ ഒരേയൊരു ചിന്ത. അതിനായി ആ സ്ത്രീയുടെ കുബുദ്ധിയിൽ പല മാർഗങ്ങളും തെളിഞ്ഞു.

മുഖം പെയിന്റടിച്ചും മുടി വെളുപ്പിച്ചും ഒരു വൃദ്ധയായി വസ്ത്രധാരണം ചെയ്തു. ആരും തിരിച്ചറിയാത്ത വിധം ആ സ്ത്രീ വേഷവിധാനം ചെയ്ത് ആരും അറിയാതെ തക്കം പാർത്ത് കൊട്ടാരം വിട്ടിറങ്ങി. ഏഴ് കുള്ളന്മാരുടെ വസതി തേടിയായിരുന്നു മലകൾക്കപ്പുറത്തേക്കുള്ള ആ യാത്ര.

ആ വീട് കണ്ടുപിടിച്ച വൃദ്ധ കതകിൽ മുട്ടി വിളിച്ചു പറഞ്ഞു: ''അതിസുന്ദര സാധനങ്ങൾ വില്പനക്കുണ്ട്, കതക് തുറക്കൂ.. കതക് തുറക്കൂ.''

അത് കേട്ടതും ആകാംക്ഷയോടെ സ്നോവൈറ്റ് ജനൽപാളിയിലൂടെ എത്തിനോക്കി. ''നമസ്കാരം അമ്മൂമ്മേ, നിങ്ങളുടെ കൂടയിൽ എനിക്ക് വാങ്ങാൻ പറ്റിയ ഭംഗിയുള്ള എന്തുണ്ട്?'' അവൾ ചോദിച്ചു.

''എന്റെ കൂടയിലുള്ളവയെല്ലാം അതിസുന്ദര സാധനങ്ങളാണ്. നല്ല ഭംഗിയുള്ള മുത്തുമാലകളും, കമ്മലുകളും, പല നിറത്തിലുള്ള ആഭരണങ്ങളുമുണ്ട്.'' തന്റെ നിറപ്പകിട്ടാർന്ന കൂട കാണിച്ചുകൊണ്ട് വൃദ്ധ പറഞ്ഞു.

'ബഹുമാനം തോന്നിപ്പിക്കുന്ന ഈ പ്രായമായ സ്ത്രീയെ വിശ്വസിക്കാം! എന്നെ ഒരിക്കലും ഉപദ്രവിക്കുകയില്ല' എന്നോർത്തു സ്നോവൈറ്റ്.

ഉടനെത്തന്നെയവൾ വാതിൽ തുറന്ന് ഇഷ്ടപ്പെട്ട വസ്തുക്കൾ കൂ

ടയിൽ തിരഞ്ഞുകൊണ്ടിരുന്നു. അന്നേരം ദുഷ്ടയായ രണ്ടാനമ്മ തന്നെ സൂക്ഷ്മനിരീക്ഷണം നടത്തുന്നത് അവൾ അറിയുന്നുണ്ടായിരുന്നില്ല.

സാവകാശം ആ വൃദ്ധ പറഞ്ഞു: ''ഇങ്ങ് അടുത്ത് വരൂ കുഞ്ഞേ... ഈ ഭംഗിയുള്ള ലേസുകൾ കെട്ടുന്നതെങ്ങനെയെന്ന് ഞാൻ കാണിച്ചു തരാം.''

സ്നോവൈറ്റ് ആ സ്നേഹവാക്കുകളിൽ വിശ്വസിച്ച് ദുർമന്ത്രവാദിനിയുടെ മുന്നിൽ ഇരുന്നുകൊടുത്തു. എന്നാൽ ക്രൂരയായ ആ സ്ത്രീ സാവകാശമായി ലേസുകൾ കൊണ്ട് കുരുക്കിട്ട് ആ പെൺകുട്ടിയെ ശ്വാസംമുട്ടിച്ച് തറയിൽ വീഴ്ത്തി.

'ഇനി ഈ ലോകത്തെ സുന്ദരി ഞാൻ തന്നെ' എന്ന ധാരണയിൽ വളരെപ്പെട്ടെന്ന് ആ സ്ത്രീ അവിടെ നിന്ന് സ്ഥലം വിട്ടു.

താമസിയാതെ ജോലികഴിഞ്ഞ് വിചിത്ര കുള്ളന്മാർ വീട്ടിൽ തിരിച്ചെത്തി. ജീവൻപോയ പോലെ നിലത്തു കിടക്കുന്ന സ്നോവൈറ്റിനെ കണ്ട് അവർ അമ്പരന്നു. അവളെ സാവകാശം ഉയർത്തിയ കുള്ളന്മാർക്ക് ലേസിന്റെ കുരുക്ക് കണ്ടതും സംഗതി പിടികിട്ടി.

പെട്ടെന്ന് ആ കുരുക്കുകൾ അഴിച്ചതും സ്നോവൈറ്റിനു ശ്വസിക്കാനും സാധാരണ നിലയിൽ എത്തിപ്പെടാനും സാധിച്ചു. അവളിൽ നിന്ന് സംഭവ കഥകൾ കേട്ടപ്പോൾ അവർ ഉറപ്പിച്ചു, അത് മറ്റാരുമല്ല സ്നോവൈറ്റിന്റെ രണ്ടാനമ്മ തന്നെയാണെന്ന്. ഇനി ഒരിക്കലും ഈ തെറ്റ് ആവർത്തിക്കരുതെന്നും അവർ അവൾക്ക് താക്കീത് നൽകി.

സ്നോവൈറ്റ് മരണപ്പെട്ടു എന്ന ആനന്ദത്തിൽ അവളുടെ രണ്ടാനമ്മ വീണ്ടും അദ്ഭുത കണ്ണാടിക്കു മുന്നിലെത്തി. എന്നത്തെയും പോലെ അന്നും ആവർത്തിച്ചു:

''കണ്ണാടീ, മുഖക്കണ്ണാടീ,
ഈ ലോകത്തിൽ അതിസുന്ദരിയായവൾ ആരാണ്?''

എന്നത്തെയും പോലെത്തന്നെ കണ്ണാടി മറുപടി നൽകി:
''മനോഹരിയായ രാജ്ഞിയേ..
എന്നാലകലെ മാമലകൾക്ക് അപ്പുറത്ത്
വിചിത്ര കുള്ളന്മാർക്കിടയിൽ വസിക്കുന്ന
സ്നോവൈറ്റെന്ന സുന്ദരിയാണ്
നിങ്ങളെക്കാൾ ആയിരംമടങ്ങ് സുന്ദരി!''

ഈ വാർത്ത കേട്ടതും രാജ്ഞിയുടെ രക്തം തിളച്ചു മറിഞ്ഞു. സ്നൊവൈറ്റ് ജീവിച്ചിരിപ്പുണ്ടെന്നും ഏതെങ്കിലും തരത്തിൽ ആ കുട്ടിയെ ഇല്ലാതാക്കണമെന്നും മാത്രമായി പിന്നത്തെ ചിന്ത.

(തുടരും)

